## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **17.12.2012-ൽ മറുപടിയ്ക്ക്**

**ചോദ്യം നം.** 1820

### പി.എസ്.സിയെ നവീകരിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മോൻസ് ജോസഫ് :<br>" സി.എഫ്. തോമസ്:<br>" റ്റി.യു. കുരുവിള : | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | സർവ്വകലാശാല നിയമനങ്ങൾ ഉൾപ്പെടെയുളള പുതിയ ജോലി ഭാരം കേരളാ പബ്ലിക് സർവ്വീസ് കമ്മീഷന് ഉണ്ടാകുന്നത് പരിഗണിച്ച് അധിക ജീവനക്കാരെ നല്കുന്നതുൾപ്പെടെ പി.എസ്. സിയെ നവീകരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കുമോ; | (എ) + (ബി) | പി.എസ്.സി.യിലെ ജോലിഭാരം കണക്കിലെടുത്ത് അധിക തസ്തികകൾ അനുവദിക്കണമെന്ന പബ്ലിക് സർവ്വീസ് കമ്മീഷന്റെ ആവശ്യം പരിഗണിച്ച് 14.12.2012-ലെ ജി.ഒ (എം.എസ്) നംപർ 371/2012/ പൊ.ഭ.വ. പ്രകാരം 30 അധിക തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് കേരളപബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനത്തിൽ കാലതാമസം ഒഴിവാക്കുന്നതിനും കുറ്റമറ്റതാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | പി.എസ്.സിയുടെ ജോലിഭാരം കണക്കിലെടുത്ത് കൂടുതൽ സൗകര്യങ്ങൾ പി.എസ്.സിക്ക് നല്കുന്നതിന് നടപടികൾ ഉണ്ടാകുമോ; | | |
| (സി) | പി.എസ്.സിക്ക് താലൂക്കുതല ഇൻഫർമേഷൻ ഓഫീസുകൾ ആരംഭിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ? | (സി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ